**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **27-06-2022 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയിട്ടുണ്ട്; ആയതിലേയ്ക്കായി സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റാണ് നിലവിൽ പ്രവർത്തിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേക്ക് ആവശ്യമായ സ്ക്രീൻഡ് രക്ത യൂണിറ്റുകൾ ഏറ്റവും അടുത്തുള്ള രക്ത ബാങ്കായ കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നുമാണ് സംഭരിക്കുന്നത്. ഇതിലേക്കായി ഒരു ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് പ്രതിവർഷം 2000 യൂണിറ്റ് രക്തം ആവശ്യമുള്ള ആശുപത്രിയിലാണ് രക്തബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 900 യൂണിറ്റ് രക്തമേ ആവശ്യമായി വരുന്നുള്ളൂ. |
| (ബി) | ബ്ലഡ് ബാങ്ക് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ കണക്കാക്കുന്നത്; വിശദമാക്കാമോ; | (ബി) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റാണ് നിലവിൽ പ്രവർത്തിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേക്ക് ആവശ്യമായ സ്ക്രീൻഡ് രക്ത യൂണിറ്റുകൾ ഏറ്റവും അടുത്തുള്ള രക്ത ബാങ്കായ കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നുമാണ് സംഭരിക്കുന്നത്. ഇതിലേക്കായി ഒരു ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് പ്രതിവർഷം 2000 യൂണിറ്റ് രക്തം ആവശ്യമുള്ള ആശുപത്രിയിലാണ് രക്തബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 900 യൂണിറ്റ് രക്തമേ ആവശ്യമായി വരുന്നുള്ളൂ. |
| (സി) | കരുനാഗപ്പള്ളിയിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കാരുണ്യ ഫാർമസി രാത്രി കാലങ്ങളിൽ കൂടി തുറന്നു പ്രവർത്തിക്കുന്നത് പൊതു ജനങ്ങൾക്കും രോഗികൾക്കും കൂടുതൽ സൗകര്യ | (സി) | കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ സ്ഥിതി ചെയ്യുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ നിലവിലെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 7 മണി വരെയാണ്. നിലവിൽ ടി |

| | | | |
|---|---|---|---|
| | പ്രദമായിരിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | ഫാർമസി സ്ഥാപിച്ചിരിക്കുന്നത് ദേശീയ പാത 66 ന്റെ സമീപത്തായിട്ടാണ്. ദേശീയ പാത 66 വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ഫാർമസി നിലനിൽക്കുന്ന ഭൂമി വിട്ടു നൽകുന്നതിന് നോട്ടീസ് ലഭിച്ചിട്ടുള്ളതിനാൽ ഇത് ആശുപത്രിയ്ക്കകത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫാർമസിയുടെ പ്രവർത്തന സമയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ